**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2815** 14.12.2015-ലെ മറുപടിയ്ക്ക്

**ആലപ്പുഴ ജില്ലയിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.സുധാകരൻ** | **ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ആലപ്പുഴ ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്, വ്യക്തമാക്കാമോ; | (എ) അർത്തുങ്കൽ പള്ളിയോട് ചേർന്ന് ടോയ്ലറ്റ് ബ്ലോക്ക്, പൂങ്കാവ് പള്ളിയോട് ചേർന്ന് പിൽഗ്രിം ടൂറിസം, കൃപാസനം പൗരാണിക രംഗ കലാപീഠം സ്ഥാപനത്തിൽ കൾച്ചറൽ പ്രോഗ്രാം നടത്തുന്നതിനുള്ള ഓപ്പൺ എയർ ഓഡിറ്റോറിയം, ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ചേർത്തല റെയിൽവേ സ്റ്റേഷന് എതിർവശം വിശ്രമ കേന്ദ്രം, പല്ലന കുമാരകോടി Literary Tourism Development Project. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ഹരിപ്പാട് ബസ് സ്റ്റാൻഡിന് പടിഞ്ഞാറ് വശം വിശ്രമകേന്ദ്രം, ചുണ്ടൻവള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിന് Snake boat Tourism product Development Project. ഹരിപ്പാട് നെൽപ്പുരക്കടവിൽ നെൽപ്പുരക്കടവ് ഫാം ടൂറിസം പ്രോജക്ട്, ചെങ്ങന്നൂരിൽ പാണ്ടനാട് ഡസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പ്രോജക്ട് എന്നീ പദ്ധതികളും മെഗാടൂറിസം സർക്യൂട്ട് പ്രോജക്റ്റിന്റെ ഭാഗമായി ആലപ്പുഴയിൽ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു: അരൂക്കുറ്റി, തണ്ണീർമുക്കം, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, കായംകുളം എന്നിവിടങ്ങളിലായി ഹൗസ് |

ബോട്ട് ടെർമിനലുകളുടെ നിർമ്മാണം. തോട്ടപ്പള്ളി ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം. വട്ടക്കായൽ വെസ്റ്റ്, കരുമാടി, വിളക്കുമരം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് ടെർമിനലുകളുടെ നിർമ്മാണം. മെഗാ ടൂറിസം പദ്ധതിയിലെ മൈക്രോ ഡസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വയ്യാങ്കര ചിറ, തഴപ്പ്, കുതിരവട്ടം ചിറ എന്നിവിടങ്ങളിലെ ജോലികൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ച് എന്നിവിടങ്ങളിൽ ബീച്ച് ഡസ്റ്റിനേഷൻ ഡെവലപ്പ്മെന്റ്, മെഗാടൂറിസം പദ്ധതിയിലെ ഫിനിഷിംഗ് പോയിന്റ് ടെർമിനൽ കോംപ്ലക്സ് നിർമ്മാണം. കനാൽ നവീകരണത്തിന്റെ ഭാഗമായി വാടക്കനാൽ, കൊമേഴ്സ്യൽ കനാൽ, ലിങ്ക് കനാൽ ബ്യൂട്ടിഫിക്കേഷൻ എന്നിവ

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കുവാനുള്ളവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ? | (ബി) പ്രസ്തുത പദ്ധതികളിൽ പൂങ്കാവ് പള്ളിയോട് ചേർന്ന് പിൽഗ്രിം സെന്റർ നിർമ്മാണവും ചെങ്ങന്നൂരിലെ പാണ്ടനാട് ഡസ്റ്റിനേഷൻ ഡെവലപ്പ്മെന്റ് പ്രോജക്ടും പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. മറ്റ് പദ്ധതികൾ നിർമ്മാണ പുരോഗതിയിലാണ്. ഫിനിഷിംഗ് പോയിന്റിലെ ടെർമിനൽ കോംപ്ലക്സ്, അർത്തുങ്കൽ ബീച്ചിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം എന്നിവ പൂർത്തിയായി. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിൽപെട്ട മറ്റ് പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ